# മധുരമായ കുട്ടികളേ - ദേഹസഹിതം സർവ്വതും മറന്ന് ഒരേയൊരു ബാബയെ ഓർമ്മിക്കൂ, അപ്പോൾ പറയും ഒന്നാനമ്മയുടെ കുട്ടികളെന്ന്, ഈ പഴയ ലോകത്തിൽ നിന്നും ഇപ്പോൾ നിങ്ങളുടെ ബുദ്ധിയെ അകറ്റണം.

**ചോദ്യം** - ബാബയുടെ ജ്ഞാനം എങ്ങനെയുള്ള കുട്ടികളുടെ ബുദ്ധിയിലാണ് സഹജമായും ഇരിക്കുക?
**ഉത്തരം** - ആരാണോ സാധാരണക്കാരായ കുട്ടികൾ, ആർക്കാണോ മോഹം നഷ്ടപ്പെട്ടത്, ബുദ്ധി വിശാലമായത്, അവരുടെ ബുദ്ധിയിൽ ജ്ഞാനം സഹജമായും ഇരിക്കും. ബാക്കി ആരുടെ ബുദ്ധിയിലാണോ - നമ്മുടെ ധനം, ഞങ്ങളുടെ പതി....... അവർക്ക് ജ്ഞാനത്തെ ധാരണ ചെയ്ത് ഉയർന്ന പദവി നേടാൻ സാധിക്കില്ല. ബാബയുടേതായി മാറിയതിനുശേഷവും ലൗകികസംബന്ധങ്ങളെ ഓർമ്മിക്കുക അർത്ഥം അത് അപക്വമായ വിവാഹനിശ്ചയമാണ്. അവരെ രണ്ടാനമ്മയുടെ മക്കളാണെന്നാണ് പറയുക.

**ഗീതം** - മരിക്കുന്നതും അങ്ങയുടെ വഴിയിൽ......

**ഓംശാന്തി**. മധുരമധുരമായ കുട്ടികൾക്ക് ഗീതത്തിന്റെ അർത്ഥം സ്വയമേ മനസ്സിലായിട്ടുണ്ടാവും. ഇപ്പോൾ ജീവിച്ചിരിക്കെ ബാബയുടേതായി മാറണം. ഭയാനക നരകമായ ഈ പഴയലോകത്തെ മറക്കണം, അതിനെ ഉപേക്ഷിക്കണം. ഈ ഭയാനകമായ നരകത്തെ മറന്ന് സ്വർഗ്ഗത്തെ ഓർമ്മിക്കണം, സ്വയത്തെ ആത്മാവാണെന്നു മനസ്സിലാക്കി തന്റെ അച്ഛനെ ഓർമ്മിക്കണം. പഴയലോകത്തെ ബുദ്ധിയിൽ നിന്നും അകറ്റണം. അതിനുവേണ്ടിയുള്ള പുരുഷാർത്ഥം വേണം. ഇത് ജന്മജന്മാന്തരത്തെ കർമ്മബന്ധനമാണ്. ഒരു ജന്മത്തേതല്ല, ജന്മജന്മാന്തരത്തെ കർമ്മബന്ധനമാണ്. എത്ര പാപങ്ങൾ ആരുമായെല്ലാം ചെയ്തിട്ടുണ്ടാവും, അതെല്ലാം തന്നെ ജന്മങ്ങൾ എടുത്ത് അനുഭവിക്കേണ്ടതായിവരും. അപ്പോൾ ഈ കർമ്മബന്ധനത്തിന്റെ ലോകത്തെ മറക്കണം. ഇത് മോശമായ ലോകമാണ്, ശരീരം പതിതമല്ലേ, ഇതിൽ നിന്നും മോഹത്തെ ഇല്ലാതാക്കണം. സാധാരണക്കാരുടെ മോഹം സഹജമായും ഇല്ലാതായിത്തീരുന്നു. ധനവാന്മാർക്ക് ബുദ്ധിമുട്ടാണ്. അവർ മനസ്സിലാക്കുന്നു, ഞങ്ങൾ സ്വർഗ്ഗത്തിൽ സുഖികളായാണ് ഇരിക്കുന്നതെന്ന്, സാധാരണക്കാർ ദു:ഖികളും. ഇപ്പോൾ മുഴുവൻ ഭാരതവും ദരിദ്രമാണ്, അതിലും ആരാണോ സാധാരണക്കാർ അവർ പെട്ടെന്നു തന്നെ ജ്ഞാനത്തെ എടുക്കും. അവർക്കുവേണ്ടിയാണ് ബാബ വരുന്നത്. സാധാരണക്കാർക്ക് കൂടുതൽ സമ്പത്ത് ലഭിക്കുന്നു. എല്ലാ സെന്ററുകളിലും നോക്കൂ, സാധാരണക്കാർ വളരെയധികം ബുദ്ധിമുട്ടിയാണ് ഇവിടെ നിൽക്കുന്നത്. സ്ത്രീകൾ പോലും സാധാരണ കുടുംബത്തിലുള്ളവരാണ് വരുന്നത്. ധനവാന്മാർക്ക് പതിയിൽ നിന്നും സുഖം ലഭിക്കുന്നു. അതുകൊണ്ട് അവരിൽ നിന്നും ബുദ്ധിയോഗത്തെ മുറിക്കാൻ സാധിക്കില്ല. സാധാരണക്കാർ മാത്രമാണ് പ്രത്യേകിച്ചും ജ്ഞാനത്തെ നേടുന്നത്. ബാബ ഏഴകളുടെ നാഥനാണ്. ഈ അച്ഛനെയാണ് എല്ലാവരും ഓർമ്മിക്കുന്നത്. പക്ഷേ ഡ്രാമ അനുസരിച്ച് ഭക്തർക്ക് ഭഗവാനെ അറിയുന്നില്ല. ഭഗവാൻ ഭക്തരുടെ രക്ഷകനാണ്. ഭക്തിയുടെ ഫലം നൽകുന്ന സദ്ഗതിദാതാവ് ഒരേയൊരു ബാബയാണ്. നിങ്ങൾ കുട്ടികൾ ഇപ്പോൾ ബാബയിലൂടെ ജ്ഞാനത്തിന്റെ കാര്യങ്ങളാണ് കേൾക്കുന്നത്. ആരുടെ ബുദ്ധിയാണോ വിശാലവും, ആരുടെ മോഹമാണോ നഷ്ടപ്പെട്ടിട്ടുള്ളത് അങ്ങനെയുള്ള കുട്ടികൾക്കു മാത്രമേ ഈ ജ്ഞാനത്തെ ഉൾക്കൊള്ളാൻ സാധിക്കൂ. ആരുടെ ബുദ്ധിയിലാണോ നമ്മുടെ ധനം, ഞങ്ങളുടെ പതി..... എന്നെല്ലാം തന്നെയുള്ളത്, അവർക്ക് ഉയർന്ന പദവി നേടാൻ സാധിക്കില്ല. ആരാണോ രചയിതാവിന്റെയും രചനയുടെയും പരിചയം നൽകുന്നത് അവർക്കേ പദവി ലഭിക്കൂ. ബാബയെ അറിയാതെ എങ്ങനെ സമ്പത്ത് ലഭിക്കും? പ്രിയതമനെ കേവലം പ്രിയതമൻ എന്നു പറയുന്നതിലൂടെ പദവി ലഭിക്കില്ല. തിരിച്ചറിവില്ലാതെ എങ്ങനെ സാജനുമായുള്ള വിവാഹം ഉണ്ടാവും? കന്യകമാർക്ക് വിവാഹനിശ്ചയം ഉണ്ടാവുകയാണെങ്കിൽ ആദ്യം വരന്റെ ചിത്രം കാണിക്കുന്നു. ഇന്നാളുടെ മകനാണ്, ഇന്ന ജോലിയാണ്. ആദ്യമൊന്നും കാണിക്കുമായിരുന്നില്ല, നേരെ വിവാഹം കഴിപ്പിക്കും. എന്നാലും അവരുടെ ജോലിയെക്കുറിച്ചെങ്കിലും പറയുമല്ലോ. ഇവിടെയാണെങ്കിൽ ചില കുട്ടികൾക്ക് തന്റെ അച്ഛനെക്കുറിച്ചോ സാജനെക്കുറിച്ചോ അറിയുകപോലുമില്ല പിന്നെങ്ങനെ വിവാഹം കഴിക്കും? നമ്പർവൈസാണ്. പലരുടെതും അപക്വമായ വിവാഹമാണ്. പാരലൗകിക അച്ഛനെ ഓർമ്മിക്കുന്നില്ല. ലൗകിക സാജനെയും ലൗകിക സംബന്ധികളെയും ഓർമ്മിച്ചിരിക്കുന്നു എങ്കിൽ അപക്വമായ വിവാഹമാണ്. അവരെ രണ്ടാനമ്മയുടെ കുട്ടികളെന്നാണ് പറയുന്നത്. പക്വയായുള്ളവരെ ഒന്നാനമ്മയുടെ കുട്ടികൾ എന്നു പറയുന്നു. ഒന്നാനമ്മയുടെ കുട്ടികൾ വളരെ വിരളമാണ്. ഭട്ഠിയിൽ ധാരാളം പേർ ഉണ്ടായിരുന്നു, അതിൽ എത്രപേരാണ് അപക്വമായിപോയത്. തന്റെ സാജനെ തിരിച്ചറിഞ്ഞില്ല. എങ്ങനെയാണോ ഭാരമുള്ള സാധനം കൈയ്യിൽ ഒതുങ്ങാത്ത

ത്, അതേപോലെ ഓർമ്മയും പ്രയാസമാണ്. ഇടയ്ക്കിടെ മറക്കുന്നു. 25–30 വർഷങ്ങളായവർ പോലും ഓർമ്മിക്കുന്നില്ല. നിങ്ങൾക്ക് അറിയാം പാരലൗകിക സാജൻ സ്വർഗ്ഗത്തെ 21 ജന്മത്തേക്ക് മഹാരാജാ–മഹാറാണിയാക്കി മാറ്റുന്നവരാണ്. സൃഷ്ടിയുടെ ആദി മദ്ധ്യ അന്ത്യത്തെക്കുറിച്ച് അറിയുന്നവരാണ്. പ്രിയതമകൾക്ക് ഇത്രയ്ക്കും മനസ്സിലാക്കി കൊടുത്തിട്ടും ബുദ്ധിയിൽ നിൽക്കുന്നില്ല. ബുദ്ധി പഴയ ലോകത്തിന്റെ ബന്ധനങ്ങളിൽ പെട്ട് അലയുന്നു. ഞാൻ ബന്ധനത്തിലാണെന്ന് മനസ്സിലാക്കുന്നില്ല. ഒരാളുമായിമാത്രം സംബന്ധം വേണം. ബാക്കിയെല്ലാം തന്നെ ബന്ധനമാണ്. കുട്ടികൾക്ക് മനസ്സിലാക്കിത്തരുന്നു – ഒന്നുമായിമാത്രം സംബന്ധം വെക്കൂ, അവർ നിങ്ങൾക്ക് സൃഷ്ടിയുടെ ആദി മദ്ധ്യ അന്ത്യത്തെക്കുറിച്ചുള്ള പഠിപ്പ് നൽകുന്നു.

നിങ്ങൾക്ക് അറിയാം അരക്കല്പം ജ്ഞാനകാണ്ഡമാണ്, അരക്കല്പം ഭക്തിയുടെ കാണ്ഡമാണ്. ജ്ഞാനകാണ്ഡത്തിൽ 21 ജന്മത്തേക്കുള്ള സമ്പത്ത് ലഭിക്കുന്നു. അവിടെ സതോപ്രധാനമാണ് പിന്നീട് സതോപ്രധാനത്തിൽ നിന്നും താഴേക്ക് സതോയിലേക്കും, പിന്നീട് സതോവിൽ നിന്നും താഴേക്ക് രജോവിലേക്കും പോകണം. എപ്പോഴാണോ സതോ പൂർത്തിയാകുന്നത് അപ്പോൾ ജ്ഞാനകാണ്ഡം പൂർത്തിയാകുന്നു. ദ്വാപരയുഗത്തിൽ നിന്നും ഭക്തി ആരംഭിക്കുന്നു. അതും ആദ്യം സതോപ്രധാന ഭക്തിയാണ്. പിന്നീട് ഭക്തിയും സതോ രജോ തമോവിലേക്ക് വരുന്നു. വ്യഭിചാരിയാകുന്നതിലൂടെ ഭക്തിയും അധ:പതിച്ചു പോകുന്നു. ഇപ്പോൾ ഇത് അറിയുകയും ആർക്കെങ്കിലും മനസ്സിലാക്കി കൊടുക്കുകയും വളരെ എളുപ്പമാണ്. നിങ്ങൾ കുട്ടികൾക്ക് ഭയാനകനരകവുമായുള്ള സംബന്ധത്തെ ഉപേക്ഷിച്ച് ഒന്നുമായി യോജിപ്പിക്കണം. ഒരേയൊരു ബാബയുമായി സംബന്ധം വെക്കാൻ അഭ്യസിക്കൂ. ബാബയെ ഓർമ്മിക്കുന്നതിലൂടെ മാത്രമേ വികർമ്മം നശിക്കൂ. സാധാരണക്കാർ നല്ലരീതിയിൽ പ്രയത്നിക്കും. അപ്പോൾ ബലിയർപ്പണം സാധാരണക്കാർക്കാണ്, ബാബയും സാധാരണക്കാരിലാണ് ബലിയർപ്പണം ചെയ്യുക. ആരംഭത്തിൽ എത്ര ഗോപന്മാരുണ്ടായിരുന്നു, എത്ര മാതാക്കളുണ്ടായിരുന്നു. എത്ര ഇല്ലാതായി, ബാക്കി കുറച്ചുപേർ മാത്രമേ അവശേഷിക്കുന്നുള്ളൂ. മാതാക്കളും കുറച്ചേയുള്ളൂ. ധനവാന്മാരുടെ വീട്ടിലുള്ളവരും ചിലർ അവശേഷിച്ചു. ക്വീൻമദർ, ദേവി..... എന്നിവർ. ഇപ്പോൾ നിങ്ങൾക്ക് മുഖ്യമായ കാര്യം മനസ്സിലാക്കേണ്ടത് ഏതൊരു ഭഗവാനെയാണോ എല്ലാവരും ഓർമ്മിക്കുന്നത്, അവരുടെ പരിചയം എന്താണ്? പതിതപാവനനായ ബാബ എല്ലാവരെയും രാജയോഗം പഠിപ്പിച്ച് നരനിൽ നിന്നും നാരായണനാക്കി മാറ്റുന്നു, ബാബയെ അറിയുന്നില്ലെങ്കിൽ നിങ്ങൾ പാപം ചെയ്തുകൊണ്ടിരിക്കും. ബാബയെ അവഹേളിച്ചു കൊണ്ടിരിക്കും. ധാരാളം സമ്മേളനങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കും. അവിടെപ്പോയി മനസ്സിലാക്കി കൊടുക്കുന്നവർ വളരെ നല്ലതായിരിക്കണം. മനസ്സിലാക്കികൊടുക്കണം നിങ്ങൾ വേദങ്ങളുടെയെല്ലാം തന്നെ മഹിമ മനസ്സിലാക്കുന്നു, പക്ഷേ അതിലൂടെയൊന്നും തന്നെ യാതൊരു പ്രയോജനമില്ല.പ്രയോജനം ഒരേയൊരു ബാബയിൽ നിന്നും മാത്രമേ ഉണ്ടാകുന്നുള്ളൂ. ബാബയെ നമുക്കറിയാം, നിങ്ങൾക്ക് അറിയില്ല. വരൂ, ഞങ്ങൾ നിങ്ങൾക്ക് മനസ്സിലാക്കിത്തരാം. ബാബയെ അറിയാതെ എങ്ങനെ സമ്പത്ത് ലഭിക്കാനാണ്? ബാബയുടെ സമ്പത്താണ് മുക്തി–ജീവന്മുക്തി, ഗതി–സദ്ഗതി. ഈ അക്ഷരം ബാബ തന്നെയാണ് കേൾപ്പിച്ചുതരുന്നത്. നിങ്ങൾ കുട്ടികൾക്ക് ഓർമ്മവെക്കണം. മറ്റൊരു വസ്തുവിലൂടെയും പ്രയോജനമില്ല. ബാബയെയും രചനയുടേയും ആദി മദ്ധ്യ അന്ത്യത്തെക്കുറിച്ച് അറിയണം. ഇതിലും അരക്കല്പം ഭക്തികാണ്ഡം, അരക്കല്പം ജ്ഞാനകാണ്ഡം,സദ്ഗതിയാണ്. സമ്മേളനമെല്ലാം നടത്തുന്നുണ്ടെങ്കിലും സ്വയംതന്നെ സംശയത്തിലാണ്. ഒന്നും തന്നെ മനസ്സിലാക്കുന്നില്ല. നിങ്ങൾക്ക് എല്ലാവർക്കും ബാബയുടെ പരിചയം നൽകണം. എപ്പോഴാണോ എല്ലാവർക്കും ബാബയുടെ പരിചയം ലഭിക്കുന്നത്, അപ്പോൾ അത്ഭുതമെന്ന് പറയും. ഇവിടെ മുഴുവനും സൃഷ്ടിയുടെ ആദി മദ്ധ്യ അന്ത്യത്തിന്റെ രഹസ്യം ചിത്രങ്ങൾ സഹിതം മനസ്സിലാക്കിത്തരുകയാണ്. മാതാക്കൾക്ക് വളരെയധികം ലഹരി വേണം. സഹോദരന്മാർ സഹായത്തിനായി തയ്യാറാണ്, ബാബ നിർദ്ദേശങ്ങൾ നൽകുന്നു. പക്ഷേ ചെയ്യേണ്ടത് അമ്മമാരും, കന്യകമാരുമാണ്. ഇന്നത്തെക്കാലത്ത് അമ്മമാർക്കും കന്യകമാർക്കും മഹിമ കൂടുതലാണ്. മാതാക്കളും ഗവർണറും, പ്രധാനമന്ത്രിയും ആയിത്തീരുന്നു. ഒരു വശത്ത് അങ്ങനെയുള്ള മാതാക്കൾ, ഒരു വശത്ത് നിങ്ങൾ പാണ്ഡവരുടെ മാതാക്കൾ. അവർക്കാണ് കൂടുതൽ ഉൽസാഹം, കാരണം അവരുടെ രാജ്യമാണ്. നിങ്ങൾക്കാണെങ്കിൽ മൂന്നടി മണ്ണുപോലും ലഭിക്കുന്നില്ല.

ബാബ നിങ്ങൾ കുട്ടികൾക്ക് അനേക രഹസ്യങ്ങൾ മനസ്സിലാക്കിത്തരുന്നുണ്ട്. നിങ്ങൾ ഇപ്പോൾ സ്വർഗ്ഗത്തിന്റെ സമ്പത്ത് നേടുന്നു. പ്രിയതമൻ നിങ്ങളെ അലങ്കരിക്കുന്നു. മഹാറാണിയാക്കി മാറ്റുന്നു. ഇങ്ങനെയുള്ള സാജനുമായി ബുദ്ധിയോഗം വെക്കാതിരിക്കുക, ഇത് ഏറ്റവും വലിയ തെറ്റാണ്. കുട്ടികൾക്ക് ധാരാളം മനസ്സിലാക്കിത്തരുന്നുണ്ട്. നിങ്ങൾ കേവലം ജ്ഞാനത്തിന്റെയും ഭക്തിയുടെയും വ്യത്യാസത്തെക്കുറിച്ച് മനസ്സിലാക്കികൊടുക്കൂ. ഭാരതത്തിലാണ് ഈയൊരു മഹിമ– ദു:ഖത്തിൽ എല്ലാവരും സ്മരിക്കുന്നു, സുഖത്തിൽ ആരും തന്നെ സ്മരിക്കുന്നില്ല. സുഖത്തിൽ എന്തുകൊണ്ട് ഓർമ്മിക്കണം? ഇപ്പോൾ ആ പുതിയ

ലോകം സ്ഥാപിച്ചുകൊണ്ടിരിക്കുകയാണ്. പക്ഷേ സുഖത്തിന്റെ സമ്പത്തും പൂർണ്ണമായും നേടണം. മാതാപിതാവിന് അറിയാം ഓരോരുത്തരും എത്രത്തോളം യോഗ്യതയുള്ളവരാണെന്ന്. മരണം സമീപത്തേക്കു വരുമ്പോൾ പറയും നിങ്ങൾ പൂർണ്ണമായ പുരുഷാർത്ഥം ചെയ്തിട്ടില്ല, അതുകൊണ്ടാണ് നിങ്ങളുടെ അവസ്ഥ ഇങ്ങനെയായിത്തീർന്നത്. ഇതും പറഞ്ഞുതരും നിങ്ങൾ ഏതെല്ലാം തരത്തിലുള്ള പ്രജാപദവി നേടുമെന്ന്. ഏതെല്ലാം തരത്തിലുള്ള ജോലിക്കാരായിത്തീരുമെന്ന്, എല്ലാം പറയും. ശരി!

പല കുട്ടികളും മനസ്സിലാക്കുന്നു ഇന്ന് ഞാൻ മുരളി വളരെ നല്ലരീതിയിൽ വായിച്ചു എന്ന്. പക്ഷേ അങ്ങനെയല്ല, ഇത് ശിവബാബ വന്ന് സഹായിക്കുകയാണ്. തന്റെ അഹങ്കാരം പാടില്ല. നിങ്ങൾക്ക് ബാബയാണ് പഠിപ്പിച്ചുതരുന്നത് അത് നിങ്ങൾ കേൾപ്പിക്കുന്നു. ബാബയില്ലെങ്കിൽ നിങ്ങൾക്ക് എവിടെനിന്നാണ് മുരളി. മുരളീധരന്റെ കുട്ടികൾക്കും മുരളീധരനായി മാറണം. ഇല്ലെങ്കിൽ ഉയർന്ന പദവി നേടാൻ സാധിക്കില്ല. എന്തെങ്കിലുമൊക്കെ പ്രയോജനം ഉണ്ടാകും, ആരെങ്കിലും സെന്റർ തുറക്കുകയാണെങ്കിൽ വളരെ ആശീർവ്വാദങ്ങൾ ലഭിക്കുന്നു. ഇത്രയും സമയം പഠിച്ചു എങ്കിൽ താനെ സേവനം ചെയ്ത് സെന്റർ മുന്നോട്ടുകൊണ്ടുപോകണം. സ്വയം പഠിക്കുന്നു എങ്കിൽ എന്താ മറ്റുള്ളവരെ പഠിപ്പിക്കാൻ സാധിക്കില്ലേ? ബ്രഹ്മാകുമാരിയെ ആവശ്യപ്പെടുന്നു എങ്കിൽ ബാബ മനസ്സിലാക്കും, ഇവരിൽ അത്രപോലും ജ്ഞാനം ഇല്ലാതെയാണെന്ന്. ബാക്കി ഇവിടെ വന്നിട്ട് എന്ത് ചെയ്യുന്നു. ബാബ മനസ്സിലാക്കിത്തരുന്നു - കാർമേഘം വന്ന്, നിറച്ച് പോകണം, മഴ പെയ്യിക്കണം. ഇല്ലെങ്കിൽ എങ്ങനെ പദവി ലഭിക്കും? മമ്മാ-ബാബാ എന്നു പറയുന്നു എങ്കിൽ സിംഹാസനം നേടി കാണിക്കൂ. ആർക്കും ഞാൻ കൊടുത്തു എന്ന അഹങ്കാരം വരാൻ പാടില്ല. നിങ്ങൾ ഒന്നും തന്നെ കൊടുക്കുന്നില്ലെങ്കിൽ ബാബ നിങ്ങൾക്ക് കക്കയ്ക്കു പകരെ വജ്രം നൽകുന്നതിൽ നിന്നും ഒഴിവാകും. ശരി!

വളരെക്കാലത്തെ വേർപാടിന്നുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ ഓമന സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

**ധാരണക്കുള്ള മുഖ്യസാരം -**

1. ഒന്നുമായി സർവ്വസംബന്ധവും വെച്ച് ബുദ്ധിയോഗം അനേക ബന്ധനങ്ങളിൽ നിന്നും ഇല്ലാതാക്കണം. ഒന്നുമായിമാത്രം പക്കാ വിവാഹനിശ്ചയം ചെയ്യണം. ബുദ്ധിയോഗം അലയിക്കരുത്.

2. ബാബയ്ക്കു സമാനം മുരളീധരനായിത്തീരണം. ഞാൻ നന്നായി മുരളി വായിച്ചു - ഈ അഹങ്കാരത്തിലേക്ക് വരരുത്. കാർമേഘത്തെ നിറച്ച് പിന്നീട് മഴ പെയ്യിക്കണം. പഠിച്ചു എങ്കിൽ സെന്റർ തുടങ്ങണം.

## വരദാനം:- ബാബയെ കൂടെ വെച്ച് ഈർഷ്യയാകുന്ന പാപത്തിൽ നിന്ന് സുരക്ഷിതരായിരിക്കുന്ന വിശേഷ ആത്മാവായി ഭവിക്കട്ടെ.

ബ്രാഹ്മണാത്മാക്കളിൽ സഹപ്രവർത്തകരുള്ളത് കാരണം ഈർഷ്യയുണ്ടാകുന്നു, ഈർഷ്യ കാരണം സംസ്കാരങ്ങളുടെ ഉരസലുണ്ടാകുന്നു, പക്ഷെ ഇക്കാര്യത്തിൽ പ്രത്യേകം ഓർമ്മിക്കൂ അതായത് അഥവാ സഹപ്രവർത്തകർ ഏതെങ്കിലും വിശേഷകാര്യത്തിന് നിമിത്തമായിട്ടുണ്ടെങ്കിൽ അവരെ നിമിത്തമാക്കിയത് ആരാണ്! ബാബയെ കൂടെയിരുത്തൂ എങ്കിൽ ഈർഷ്യയാകുന്ന മായ ഓടിപ്പോകും. അഥവാ ആരുടെയെങ്കിലും കാര്യം താങ്കൾക്ക് നല്ലതായിത്തോന്നുന്നില്ലെങ്കിൽ ശുഭഭാവനയിലൂടെ ഉയർത്തൂ, ഈർഷ്യക്ക് വശപ്പെടരുത്. പരസ്പരം മത്സരിച്ചോളൂ, വെറുക്കരുത് എങ്കിൽ വിശേഷാത്മാവായി മാറും.

## സ്ലോഗൻ:- ബാബയെ കൂട്ടുകാരനാക്കി മായയുടെ കളിയെ സാക്ഷിയായി നോക്കിക്കൊണ്ട് പോകൂ.

**മാതേശ്വരിജിയുടെ മധുര മഹാവാക്യങ്ങൾ -**

**തന്റെ യഥാർത്ഥ ലക്ഷ്യമെന്താണ്?**

ആദ്യമാദ്യം ഇത് അറിയുക എന്നത് അത്യാവശ്യമാണ് അതായത് തന്റെ യഥാർത്ഥമായ ലക്ഷ്യമെന്താണെന്ന്? അതും നല്ല രീതിയിൽ ബുദ്ധിയിൽ ധാരണ ചെയ്യണം, അപ്പോഴെ പൂർണ്ണ രീതിയിൽ ആ ലക്ഷ്യത്തിൽ നിലനിൽക്കാൻ സാധിക്കൂ. തന്റെ യഥാർത്ഥ ലക്ഷ്യമാണ് – ഞാൻ ആത്മാവ് ആ പരമാത്മാവിന്റെ സന്താനമാണ്. യഥാർത്ഥത്തിൽ കർമ്മാതീതമാണ്, പിന്നീട് സ്വയത്തെ മറന്നതുകാരണം കർമ്മബന്ധനത്തിലേക്കു വന്നു, ഇപ്പോൾ വീണ്ടും അത് ഓർമ്മ വരുന്നതിലൂടെ, ഈ ഈശ്വരീയ യോഗത്തിൽ ഇരിക്കുന്നതിലൂടെ താൻ ചെയ്ത വികർമ്മം വിനാശമായിക്കൊണ്ടിരിക്കുന്നു. അപ്പോൾ തന്റെ ലക്ഷ്യമാണ് ഞാൻ ആത്മാവ് പരമാത്മാവിന്റെ സന്താനമാണ് എന്ന്. ബാക്കി ആരാണെങ്കിലും ഞാൻ സ്വയം ദേവതയാണെന്നു മനസ്സിലാക്കി ആ ലക്ഷ്യത്തിൽ സ്ഥിതി ചെയ്യുകയാണെങ്കിൽ എന്താണോ പരമാത്മാവിന്റെ ശക്തി അത് ലഭിക്കുകയില്ല. പിന്നെ നിങ്ങളുടെ വികർമ്മവും നശിക്കുകയില്ല. പക്ഷേ ഇത് സ്വയത്തിൽ മുഴുവൻ ജ്ഞാനവുമുണ്ട്, ഞാൻ ആത്മാവ് പരമാത്മാവിന്റെ സന്താനമാണ്, കർമ്മാതീതമായി ഭാവിയിൽ ജീവന്മുക്തി ദേവീ ദേവതാ പദവി പ്രാപിക്കും. ഈ ലക്ഷ്യത്തിൽ ഇരിക്കുകയാണെങ്കിൽ ആ ശക്തി ലഭിക്കും. ഇത് മനുഷ്യർ ആഗ്രഹിക്കുന്നതാണ് ഞങ്ങൾക്ക് സുഖശാന്തി പവിത്രത വേണമെന്ന്. അതും പൂർണ്ണ യോഗമുണ്ടെങ്കിലെ ഇതെല്ലാം തന്നെ ലഭിക്കൂ. ബാക്കി ദേവതാപദവി ഭാവിയിലെ പ്രാപ്തിയാണ്. തന്റെ പുരുഷാർത്ഥം വേറെയാണ്, തന്റെ പ്രാപ്തി വേറെയാണ്. അപ്പോൾ ഈ ലക്ഷ്യവും വേറെയാണ്, സ്വയത്തെ ഈ ലക്ഷ്യത്തിൽ മാത്രം സ്ഥിതി ചെയ്യിക്കരുത് അതായത് ഞാൻ പവിത്രമായ ആത്മാവ് അവസാനം പരമാത്മാവായിത്തീരുമെന്ന്. പക്ഷേ നമുക്ക് പരമാത്മാവുമായി യോഗം വെച്ച് പവിത്രമായ ആത്മാവായിത്തീരണം, ബാക്കി ആത്മാവിന് ഒരിക്കലും പരമാത്മാവായിത്തീരേണ്ട ആവശ്യമില്ല..

2. **ഈ അവിനാശിജ്ഞാനത്തിന് അനേക നാമങ്ങൾ വെച്ചിട്ടുണ്ട് –**

ഈ അവിനാശിജ്ഞാനത്തിന് അനേക നാമങ്ങൾ വെച്ചിട്ടുണ്ട്. ചിലർ ഈ ജ്ഞാനത്തെ അമൃതമെന്നു പറയുന്നുണ്ട്, ചിലർ ഈ ജ്ഞാനത്തെ അഞ്ജനമെന്നു(കൺമഷി) പറയാറുണ്ട്. ഗുരുനാനാക് പറഞ്ഞിരുന്നു ജ്ഞാനാഞ്ജനം സദ്ഗുരു നൽകിയെന്ന്. ചിലർ ജ്ഞാനമഴ എന്നും പറയുന്നുണ്ട്. കാരണം ഈ ജ്ഞാനത്തിലൂടെയാണ് മുഴുവൻ സൃഷ്ടിയും ഹരിതാഭമായിത്തീരുന്നത്.(പച്ചപ്പ്). ഏതെല്ലാം തമോപ്രധാനമായ മനുഷ്യരുണ്ടോ അവർ സതോപ്രധാനമായിത്തീരും, ജ്ഞാന അഞ്ജനത്തിലൂടെ അന്ധകാരം ഇല്ലാതാകുന്നു. ഈ ജ്ഞാനത്തിനെത്തന്നെയാണ് പിന്നെ അമൃതമെന്നും പറയുന്നത്. ഇതിലൂടെ പഞ്ചവികാരങ്ങളുടെ അഗ്നിയിൽ പെട്ട് എരിഞ്ഞുകൊണ്ടിരിക്കുന്ന മനുഷ്യർ ശീതളമായിത്തീരുന്നു. സന്യാസിമാർ മനസ്സിലാക്കുന്നു വികാരങ്ങളെ ഇല്ലാതാക്കുക എന്നുള്ളത് കഠിനമായ കാര്യമാണെന്ന്. പക്ഷേ ഈ ജ്ഞാനം സന്യാസിമാരിൽ ഇല്ലേയില്ല. അപ്പോൾ അവർക്ക് ഇങ്ങനെയുള്ള പഠിപ്പ് എങ്ങനെ നൽകാൻ സാധിക്കും. കേവലം മര്യാദകൾക്കുള്ളിൽ ഇരിക്കൂ എന്നു മാത്രം പറയും. പക്ഷേ യഥാർത്ഥ മര്യാദ എന്താണ്? ഇന്ന് ആ മര്യാദയെല്ലാം തന്നെ ഇല്ലാതായിരിക്കുന്നു, എവിടെയാണ് ആ സത്യയുഗീ, ത്രേതായുഗീ ദേവീദേവതകളുടെ ഗൃഹസ്ഥത്തിൽ ഇരുന്നുകൊണ്ടും എങ്ങനെ നിർവ്വികാരി പ്രവൃത്തിയിലിരുന്നു എന്ന മര്യാദകൾ. ഇപ്പോൾ ആ സത്യമായ മര്യാദ എവിടെയാണ്? ഇന്നത്തെക്കാലത്ത് തലകീഴായ വികാരിമര്യാദയാണ് പാലിക്കുന്നത്, മറ്റുള്ളവർക്ക് പഠിപ്പിച്ചുകൊടുക്കുന്നതും മര്യാദയനുസരിച്ചു നടക്കൂ എന്നാണ്. മനുഷ്യരുടെ ആദ്യത്തെ കടമയെന്താണ്, എന്നുള്ളത് ആർക്കും തന്നെ അറിയുന്നില്ല, കേവലം ഇതു മാത്രം പ്രചരിപ്പിക്കുന്നു മര്യാദയിലിരിക്കൂ എന്ന്. പക്ഷേ ഇത്രകൂടി അറിയുന്നില്ല മനുഷ്യരുടെ ആദ്യത്തെ മര്യാദ എന്താണെന്ന്? മനുഷ്യരുടെ ആദ്യത്തെ മര്യാദയാണ് നിർവ്വികാരിയായിരിക്കുക എന്നുള്ളത്. അഥവാ നമ്മൾ ആരോടെങ്കിലും ചോദിക്കുകയാണ് നിങ്ങൾ ഈ മര്യാദ പാലിക്കുന്നുണ്ടോ എന്ന്? അപ്പോൾ പറയും ഇന്നത്തെക്കാലത്ത് ഈ കലിയുഗീ സൃഷ്ടിയിൽ നിർവ്വികാരിയായിരിക്കാനുള്ള ധൈര്യമില്ല. വെറുതെ വായിലൂടെ മര്യാദയിലിരിക്കൂ, നിർവ്വികാരിയായിത്തീരൂ എന്നു പറയുന്നതിലൂടെയൊന്നും ആരുമായിത്തീരില്ല. നിർവ്വികാരിയായിത്തീരാൻ ആദ്യം ഈ ജ്ഞാനമാകുന്ന വാളിലൂടെ ഈ പഞ്ചവികാരങ്ങളെയും നശിപ്പിക്കണം, എന്നാലെ വികർമ്മം ഭസ്മമായിത്തീരൂ. ശരി! ഓം ശാന്തി.